# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/213/2018 2018 ഒക്ടോബർ 10

## വാർത്താക്കുറിപ്പ്

---

**തീയതി നീട്ടി**

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2017 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ 12 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷിക്കാം.

**പുതുക്കിയ പരീക്ഷാ തീയതി**

ഒക്ടോബർ 10ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം വർഷ ബി.എസ്.സി. എം.എൽ.ടി. (2015 അഡ്മിഷൻ റഗുലർ/ 2009 - 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 15നും, ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി), ഒന്നാം വർഷ എം.എസ്‌സി. മെഡിക്കൽ അനാട്ടമി (2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ 12നും നാലാം വർഷ ബി.പി.ടി. (2008 മുതലുള്ള അഡ്മിഷൻ) റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ 15നും നാലാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) പരീക്ഷകൾ 22നും ഒന്നാംവർഷ ബി.എസ്.സി. നഴ്സിംഗ് (പഴയ സ്കീം - 2010 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ 15നും നടത്തും. മറ്റു പരീക്ഷകളുടെ തീയതി, സമയം, പരീക്ഷാകേന്ദ്രം എന്നിവയിൽ മാറ്റമില്ല.

**പ്രാക്ടിക്കൽ**

2018 ജൂലൈയിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 15 മുതൽ 17 വരെ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

**വൈവാവോസി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2016-18 ബാച്ചിലെ നാലാം സെമസ്റ്റർ എം.എഡ്. വൈവാവോസി (സി.എസ്.എസ്.) പരീക്ഷ ഒക്ടോബർ 23ന് രാവിലെ 10.30ന് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടക്കും.

**എം.എഫ്.എ. കോഴ്സിന് അപേക്ഷിക്കാം**

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടത്തുന്ന എം.എഫ്.എ. കോഴ്സ് പ്രവേശനത്തിന് അപേക്ഷിക്കാം. 50 ശതമാനം മാർക്കോടെ ബി.എഫ്.എ. പാസായവർക്ക് അപേക്ഷിക്കാം. അവസാന തീയതി ഒക്ടോബർ 20. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പരീക്ഷാഫലം**

2017 ഒക്ടോബറിൽ നടത്തിയ മൂന്നും അഞ്ചും സെമസ്റ്റർ (സി.ബി.സി.എസ്.എസ്.) ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.ടി.എസ്. (സപ്ലിമെന്ററി - 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

**എം.ജി. സർവകലാശാല യൂണിയൻ**

# നിഖിൽ എസ്. നായർ ചെയർമാൻ;

# സായ് കൃഷ്ണ ജനറൽ സെക്രട്ടറി

മഹാത്മാഗാന്ധി സർവകലാശാല യൂണിയന്റെ ചെയർമാനായി ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിൽ നിന്നുള്ള നിഖിൽ എസ്. നായരും ജനറൽ സെക്രട്ടറിയായി നെടുങ്കണ്ടം കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലെ സായ് കൃഷ്ണയും തെരഞ്ഞെടുക്കപ്പെട്ടു.

മീന എം.ബിജു (കോട്ടയം ഗവ. കോളേജ്), കെ.ആർ. അജിത്ത് കൃഷ്ണ (കാലടി ശ്രീശങ്കര കോളേജ്), സഞ്ജീവ് സഹദേവൻ (രാജാക്കാട് എസ്.എസ്.എം. കോളേജ്) എന്നിവരാണ് വൈസ് ചെയർമാന്മാർ. ജോയിന്റ് സെക്രട്ടറിമാരായി ആലുവ ഭാരതമാതാ സ്‌കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ മിഥു ദേവ് പ്രേം, കോന്നി എം.എം. എൻ.എസ്.എസ്. കോളേജിലെ ജിഷ്ണ ശശികുമാർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

എക്‌സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ: അർജ്ജുൻ ബാബു (തലയോലപ്പറമ്പ് ഡി.ബി. കോളേജ്), അനന്തു പി. വിനോദ് (കോട്ടയം ബസേലിയസ് കോളേജ്), എം.എസ്. ശരത്കുമാർ (മാന്നാനം കെ.ഇ. കോളേജ്), ജോയൽ അഗസ്റ്റിൻ (ചങ്ങനാശ്ശേരി എസ്.ബി. കോളേജ്), എ.എ. അൽ അമീൻ (ആലുവ എം.ഇ.എസ്. കോളേജ്), കെ.ബി. അസീഫ് (മൂലമറ്റം സെന്റ് ജോസഫ്‌സ് കോളേജ്), ഡി. ധനീഷ് കുമാർ (പത്തനംതിട്ട സ്റ്റാസ്), എസ്. സന്ദീപ് (കോന്നി വി.എൻ.എസ്. കോളേജ്), അശ്വിൻ ആർ. പ്രഭു (തൃപ്പൂണിത്തുറ ഗവ. സംസ്‌കൃത കോളേജ്), എം.എച്ച്. നന്ദിനി (കോലഞ്ചേരി സെന്റ് പീറ്റേഴ്‌സ് കോളേജ്), എം.എസ്. ഫാത്തിമ (പെരുമ്പാവൂർ മാർത്തോമാ കോളേജ് ഫോർ വിമൺ), വി.എ. മുഹമ്മദ് അർഷാദ് (മൂവാറ്റുപുഴ ഇലാഹിയ കോളേജ്), ഷാഫി ഷെരീഫ് (മുരിക്കാശ്ശേരി പാവനാത്മ കോളേജ്), ജോമോൾ ജോണി (തൃക്കാക്കര ഭാരതമാതാ കോളേജ്), അനന്തു സെൻ (കോതമംഗലം യെൽദോ മാർ ബസേലിയസ് കോളേജ്).

അക്കൗണ്ട്‌സ് കമ്മിറ്റി അംഗങ്ങൾ: അലക്‌സ് ജോഷി (രാമപുരം മാർ അഗസ്റ്റിനോസ് കോളേജ്), അബൂബക്കർ സിദ്ദിഖ് (മേത്തല ഐ.എൽ.എം. കോളേജ്), റിക്കു മോനി വർഗീസ് (തുരുത്തിക്കാട് ബി.എ.എം കോളേജ്), വിനീത് വിശ്വൻ (റാന്നി സെന്റ് തോമസ് കോളേജ്), പി. വൈദേഹി (പൂത്തോട്ട ശ്രീനാരായണ ലോ കോളേജ്). 255 വോട്ടർമാരിൽ 221 പേർ വോട്ട് രേഖപ്പെടുത്തിയതായി വരണാധികാരിയായ ജോയിന്റ് രജിസ്ട്രാർ സാബു തോമസ് പറഞ്ഞു.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ